അസിസ്റ്റന്റ്സ് ഓഫീസർ	2
ഡിവിഷണൽ അക്കൗണ്ടന്റ്	2
സീനിയർ സൂപ്രണ്ട്	19
സീനിയർ അസിസ്റ്റന്റ്	36
ജൂനിയർ അസിസ്റ്റന്റ്	11
സ്റ്റെനോഗ്രാഫർ	2
ടൈപ്പിസ്റ്റ്	5
ഓഫീസ് അറ്റൻഡൻസ്	6
വാച്ച്മാൻ	7
ലൈൻമാൻ	64
കാഷ്യർ	10
സബ് എഞ്ചിനീയർ (സിവിൽ)	1
ഡ്രൈവർ	14

ഈ ഒഴിവുകൾ വിവിധ കാലഘട്ടങ്ങളിലായി ഉണ്ടായതാണ്.

(ഇ) പ്രൊമോഷനിലൂടെയും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്താനുദ്ദേശിക്കുന്ന ജനറൽ ട്രാൻസ്ഫർ മുഖേനയും ഈ ഒഴിവുകൾ നികത്തുവാനുദ്ദേശിക്കുന്നു.

ദേവികുളം താലൂക്ക് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്ക്

121 (1788) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം താലൂക്ക് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്കിൽ കഴിഞ്ഞ വർഷം ഏതെങ്കിലും തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമനം നടത്തിയിട്ടുണ്ടെങ്കിൽ സഹകരണവകുപ്പിന്റെ അംഗീകാരത്തോടെകൂടിയും സഹകരണസംഘം നിയമങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവുകൾക്കും അനുസൃതമായാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയമനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമനത്തിന് ഒരു ദിവസം തന്നെ എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സഹകരണ തത്വങ്ങൾക്കും സർക്കാർ ഉത്തരവിനും എതിരായിട്ടാണ് പ്രസ്തുത ബാങ്ക് പ്രവർത്തിച്ചിട്ടുള്ളത് എങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ക്ലാർക്ക് തസ്തികയിൽ 4-ഉം ടൈപ്പിസ്റ്റ്, ഡ്രൈവർ, പ്യൂൺ-കം-വാച്ചർ എന്നീ തസ്തികകളിൽ ഒന്നുവീതവും നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) നിയമനം നടത്തുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് നിയമനങ്ങൾ നടത്തിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത നിയമനത്തിന് ഒരേ ദിവസം തന്നെയാണ് ടെസ്റ്റും ഇന്റർവ്യൂവും നടത്തിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമവിരുദ്ധമായി നിയമനം നടത്തിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

എഴുകോൺ, വെളിയം എന്നീ ഭാഗങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

122 (1789) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ, നെടുവത്തൂർ നിയോജക മണ്ഡലത്തിൽപെട്ട എഴുകോൺ, വെളിയം എന്നിവിടങ്ങളിൽ 33 കെ.വി സബ്സ്റ്റേഷനുകൾ ആരംഭിക്കണമെന്ന സ്ഥലം എം.എൽ.എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സബ്സ്റ്റേഷനുകൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ സ്ഥലങ്ങളിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

കെ. എസ്. ഇ. ബി.യിലെ സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലെ പരസ്യം

123 (1790) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly